**പതിമൂന്നാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3836** | **25.6.2013-ലെ മറുപടിയ്ക്ക്**

**പൊതുമേഖലാസ്ഥാപനങ്ങളിൽ സൗരോർജ്ജ പദ്ധതി**

| ചോദ്യം<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. ആർ. സെൽവരാജ്<br>ശ്രീ.എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ.വർക്കല കഹാർ | | ഉത്തരം<br>ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ സൗരോർജ്ജ പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ടോ; വിശദമാക്കുമോ; | എ) | സംസ്ഥാനത്തെ വ്യവസായ വകുപ്പിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ സൗരോർജ്ജം ഉപയോഗിക്കുന്നതിനുള്ള പദ്ധതികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. പ്രാരംഭ ഘട്ട പദ്ധതി എന്ന നിലയിൽ കെ.എസ്.ഐ.ഡി.സിയുടെ തിരുവനന്തപുരത്തുള്ള കോർപ്പറേറ്റ് ഓഫീസ് കെട്ടിടത്തിൽ 32(26+6)KW ശേഷിയുള്ള സൗരോർജ്ജ പ്ലാന്റ് സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനമായ കെൽട്രോൺ വഴി നടപ്പിലാക്കി.<br>വ്യവസായ വകുപ്പിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ഭരണ കാര്യാലയങ്ങളിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കാനും അതുവഴി 450 KW സൗരോർജ്ജം ഉൽപ്പാദിപ്പിക്കുന്നതിനുമുള്ള പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| ബി) | ഇതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | ബി) | ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.<br>• പരമ്പരാഗതമായി ഊർജ്ജ സ്രോതസ്സുകളിൽ നിന്ന് മാതൃകാപരമായ മാറ്റത്തിലൂടെ സൗരോർജ്ജം ഉത്പ്പാദിപ്പിക്കുകയും അതുവഴി സംസ്ഥാനത്തെ വ്യാവസായിക പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുകയും ചെയ്യുക. |

| | | | |
|---|---|---|---|
| | | | • മത്സരാധിഷ്ഠിതമായ രീതിയിൽ മാലിന്യ വിമുക്തമായ ഊർജ്ജ മാതൃകകൾ വഴി കാര്യക്ഷമമായ ഊർജ്ജ ഉൽപ്പാദനത്തിലൂടെ വ്യാവസായിക ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുക.<br>• വ്യാവസായിക ആവശ്യത്തിന് സൗരോർജ്ജം ഉപയോഗിക്കുന്നതു വഴി സംസ്ഥാനത്തെ ഊർജ്ജ അഭാവം കുറയ്ക്കുക.<br>• ആവർത്തനാർഹമായ ഊർജ്ജ സ്രോതസ്സുകളുടെ ഉപയോഗം പ്രോത്സാഹിപ്പിച്ച് Renewable Energy Certificate (REC)യുടെ പ്രയോജനം നേടിയെടുക്കുക.<br>• ഊർജ്ജ ദൗർലഭ്യതയെകുറിച്ചും അതുമൂലമുണ്ടാകുന്ന വ്യാവസായിക മാറ്റങ്ങളെകുറിച്ചും സി.എസ്.ആർ പ്രവർത്തനങ്ങളെകുറിച്ചും ഉള്ള ബോധവൽക്കരണം.<br>• വ്യവസായ വാണിജ്യ വകുപ്പിനു കീഴിലുള്ള ഓഫീസുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഏജൻസികൾ, വ്യവസായ പാർക്കുകൾ / എസ്റ്റേറ്റുകൾ എന്നിവയിൽ കെട്ടിടത്തിനു മുകളിലുള്ള സൗരോർജ്ജ സംവിധാനങ്ങളുടെ പ്രോത്സാഹനം.<br>• പൊതുമേഖലാ സ്ഥാപനങ്ങൾ, ഏജൻസികൾ, വ്യവസായ പാർക്കുകൾ/ എസ്റ്റേറ്റുകൾ മുതലായവയ്ക്ക് സ്വന്തം ഊർജ്ജം ആവശ്യത്തിനു വേണ്ടി സോളാർ പി.വി. സിസ്റ്റം സ്ഥാപിക്കുക. |

| | | | |
|---|---|---|---|
| സി) | ഏതെല്ലാം ഏജൻസികൾ വഴിയാണ് പദ്ധതി നടപ്പാക്കുന്നത് ; വിശദമാക്കുമോ; | സി) | സംസ്ഥാനത്ത് Renewable Energy Development -ന്റെ നോഡൽ ഏജൻസിയായ ANERT-ന്റെ സഹകരണത്തോടെ കെ-ബിപ്പ്, വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ KELTRON വഴിയാണ് ഈ സൗരോർജ്ജ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. |
| ഡി) | സംസ്ഥാനത്തെ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലും ഇതു നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ നൽകുമോ ? | ഡി) | വ്യവസായ വകുപ്പിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ സൗരോർജ്ജ പദ്ധതി നടപ്പിലാക്കി അതുവഴി ഊർജ്ജം ഉൽപ്പാദിപ്പിക്കുവാനുള്ള പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. |

Hesen Keech

**സെക്ഷൻ ഓഫീസർ**